**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2406** **08.07.2015** ലെ മറുപടിക്ക്

**<u>പുലയാസ് കോളനി വ്യക്തിഗത വാട്ടർ കണക്ഷൻ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | "സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ" പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പുലയാസ് കോളനിയിലെ ഇനിയും പൂർത്തീകരിക്കാനുള്ള വ്യക്തിഗത വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പുലയാസ് കോളനിയിലെ വ്യക്തിഗത കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളായ 74 പേരിൽ 17 പേർക്ക് വീട്ടു നമ്പർ ഇല്ലാത്തതിനാലാണ് വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തത്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് താത്കാലിക ഉടമസ്ഥാവകാശം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ? | (ബി) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് മാത്രമായി സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ താല്ക്കാലിക നമ്പർ അനുവദിച്ച് നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>വില്ലേജ് ഓഫീസിൽ നിന്നും അടിയന്തിരമായി രേഖകൾ ലഭ്യമാക്കുന്നതിന് എസ്.സി. പ്രമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം 9 പേർക്ക് കൂടി താല്ക്കാലിക നമ്പർ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ